**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **19-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (അൺ - അറ്റാച്ച്ഡ്), കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 മെയ് മാസം വരെയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും മുടക്കം വരാതെ വിതരണം ചെയ്തിട്ടുണ്ട്.<br><br>സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് വഴി പെൻഷൻ വിതരണം ചെയ്യുന്ന മറ്റ് ക്ഷേമനിധി ബോർഡുകളിൽ സർക്കാർ ഉത്തരവിനനുസരിച്ച് പെൻഷൻ വിതരണം ചെയ്യുന്നുണ്ട്.<br><br>തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 31/05/2023 വരെയുള്ള പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത്.കൂടാതെ 31/03/2023 വരെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്.കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2017 വരെയുള്ള അധി വർഷാനുകൂല്യ കുടിശ്ശിക അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.<br><br>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2023 നവംബർ മാസം വരെയുള്ള അവശതാ പെൻഷൻ നൽകിയിട്ടുണ്ട്.കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവാഹ ധനസഹായം,2023 മാർച്ച് വരെനൽകിയിട്ടുണ്ട്. |

പ്രസവധനസഹായം ഇനത്തിൽ ആനുകൂല്യ കുടിശ്ശികയുണ്ട്.

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സിലൂടെയാണ് ലഭിക്കുന്നത്. സെസ് പിരിവിലൂടെ പ്രതിമാസം ബോർഡിന് ലഭിക്കുന്നത് ഏകദേശം 30 കോടി രൂപയാണ്.എന്നാൽ പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 62 കോടി രൂപ പ്രതിമാസം ആവശ്യമാണ്. വരവിനേക്കാൾ ഭീമമായ തുക ചെലവിനത്തിൽ വരുന്നതി നാലാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും സമയ ബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത്.ബിൽഡിംഗ് സെസ്സ് ഇനി മുതൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം പിരിച്ചെടുക്കുന്നതിന് സ. ഉ (കൈ) നം. 23/24 എൽ എസ് ജി ഡി നമ്പർ ഉത്തരവ് 14/02/2024-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സെസ്സ് പിരിവ് ഒടുക്കുന്നതിന് വിധേയമായി മാത്രമേ ഒക്യുപെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുള്ളൂവെന്ന് ടി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. **തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ് വെയറായ കെ-സ്മാർട്ടിൽ സെസ്സ് പിരിക്കുന്ന തിനാവശ്യമായ മോഡ്യൂൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ (IKM) കൈക്കൊണ്ടു വരുന്നു. സെസ്സ് കളക്ഷൻ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിലൂടെ സെസ്സ് കളക്ഷനിൽ വൻ വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ കുടിശ്ശികയടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും ഇതിലൂടെ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അധിവർഷാനുകൂല്യ അപേ ക്ഷകൾ 2017 വരെ തീർപ്പാക്കുന്നതിനാണ് ബോർഡിന് സാധിച്ചിട്ടുള്ളത്. ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ അധിവർഷാനുകൂല്യ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് സാധ്യമല്ല. സർക്കാർ ബജറ്റിൽ വകയിരുത്തി ബോർഡിന് ലഭ്യമാക്കുന്ന ധനസഹായം ഉപയോഗിച്ചും ബോർഡിന്റെ തനത് വരുമാനത്തിൽ നിന്നുമാണ് നിലവിൽ അധിവർഷാനുകൂല്യം വിതരണം ചെയ്തുവരുന്നത്. സർക്കാർ ഗ്രാന്റ് അനുവദിക്കുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

മറ്റ് ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർഷങ്ങളായി മുടങ്ങിയിട്ടുള്ള സാഹചര്യം ഉണ്ടായിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ അംശദായം അടച്ച നിരവധി വ്യക്തികളുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വർഷങ്ങളായി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (അൺ - അറ്റാച്ച്ഡ്), കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 മെയ് മാസം വരെയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും മുടക്കം വരാതെ വിതരണം ചെയ്തിട്ടുണ്ട്.<br><br>സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് വഴി പെൻഷൻ വിതരണം ചെയ്യുന്ന മറ്റ് ക്ഷേമനിധി ബോർഡുകളിൽ സർക്കാർ ഉത്തരവിനനുസരിച്ച് പെൻഷൻ വിതരണം ചെയ്യുന്നുണ്ട്.<br><br>തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 31/05/2023 വരെയുള്ള പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത്.കൂടാതെ 31/03/2023 വരെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്.കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2017 വരെയുള്ള അധി വർഷാനുകൂല്യ കുടിശ്ശിക അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.<br><br>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2023 നവംബർ മാസം വരെയുള്ള അവശതാ പെൻഷൻ നൽകിയിട്ടുണ്ട്.കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവാഹ ധനസഹായം,2023 മാർച്ച് വരെനൽകിയിട്ടുണ്ട്.<br><br>പ്രസവധനസഹായം ഇനത്തിൽ ആനുകൂല്യ കുടിശ്ശികയുണ്ട്.<br><br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സിലൂടെയാണ് ലഭിക്കുന്നത്. സെസ് പിരിവിലൂടെ പ്രതിമാസം ബോർഡിന് ലഭിക്കുന്നത് ഏകദേശം 30 കോടി രൂപയാണ്.എന്നാൽ പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 62 കോടി രൂപ പ്രതിമാസം ആവശ്യമാണ്. വരവിനേക്കാൾ ഭീമമായ തുക ചെലവിനത്തിൽ വരുന്നതിനാലാണ് പെൻഷനും മറ്റ ആനുകൂല്യങ്ങളും സമയ ബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത്.ബിൽഡിംഗ് സെസ്സ് ഇനി മുതൽ |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം പിരിച്ചെടുക്കുന്നതിന് സ. ഉ (കൈ) നം. 23/24 എൽ എസ് ജി ഡി നമ്പർ ഉത്തരവ് 14/02/2024-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സെസ്സ് പിരിവ് ഒടുക്കുന്നതിന് വിധേയമായി മാത്രമേ ഒക്യുപെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുള്ളൂവെന്ന് ടി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. **തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ് വെയറായ കെ-സ്മാർട്ടിൽ സെസ്സ് പിരിക്കുന്ന തിനാവശ്യമായ മോഡ്യൂൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ (IKM) കൈക്കൊണ്ടു വരുന്നു. സെസ്സ് കളക്ഷൻ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിലൂടെ സെസ്സ് കളക്ഷനിൽ വൻ വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ കുടിശ്ശികയടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും ഇതിലൂടെ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.**<br><br>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അധിവർഷാനുകൂല്യ അപേ ക്ഷകൾ 2017 വരെ തീർപ്പാക്കുന്നതിനാണ് ബോർഡിന് സാധിച്ചിട്ടുള്ളത്. ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ അധിവർഷാനുകൂല്യ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് സാധ്യമല്ല. സർക്കാർ ബജറ്റിൽ വകയിരുത്തി ബോർഡിന് ലഭ്യമാക്കുന്ന ധനസഹായം ഉപയോഗിച്ചും ബോർഡിന്റെ തനത് വരുമാനത്തിൽ നിന്നുമാണ് നിലവിൽ അധിവർഷാനുകൂല്യം വിതരണം ചെയ്തുവരുന്നത്. സർക്കാർ ഗ്രാന്റ് അനുവദിക്കുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.<br><br>മറ്റ് ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർഷങ്ങളായി മുടങ്ങിയിട്ടുള്ള സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ മുടങ്ങിക്കിടക്കുന്ന ക്ഷേമനിധി പെൻഷൻ കുടിശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്.തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (അൺ -അറ്റാച്ച്ഡ്), കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 മെയ് മാസം വരെയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും മുടക്കം വരാതെ വിതരണം ചെയ്തിട്ടുണ്ട്.<br><br>സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് വഴി പെൻഷൻ വിതരണം ചെയ്യുന്ന മറ്റ് ക്ഷേമനിധി |

ബോർഡുകളിൽ സർക്കാർ ഉത്തരവിനനുസരിച്ച് പെൻഷൻ വിതരണം ചെയ്യുന്നുണ്ട്.

തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 31/05/2023 വരെയുള്ള പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത്.കൂടാതെ 31/03/2023 വരെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്.കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2017 വരെയുള്ള അധി വർഷാനുകൂല്യ കുടിശ്ശിക അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2023 നവംബർ മാസം വരെയുള്ള അവശതാ പെൻഷൻ നൽകിയിട്ടുണ്ട്.കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവാഹ ധനസഹായം,2023 മാർച്ച് വരെനൽകിയിട്ടുണ്ട്.

പ്രസവധനസഹായം ഇനത്തിൽ ആനുകൂല്യ കുടിശ്ശികയുണ്ട്.

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സിലൂടെയാണ് ലഭിക്കുന്നത്. സെസ് പിരിവിലൂടെ പ്രതിമാസം ബോർഡിന് ലഭിക്കുന്നത് ഏകദേശം 30 കോടി രൂപയാണ്.എന്നാൽ പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 62 കോടി രൂപ പ്രതിമാസം ആവശ്യമാണ്. വരവിനേക്കാൾ ഭീമമായ തുക ചെലവിനത്തിൽ വരുന്നതി നാലാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും സമയ ബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത്.ബിൽഡിംഗ് സെസ്സ് ഇനി മുതൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം പിരിച്ചെടുക്കുന്നതിന് സ. ഉ (കൈ) നം. 23/24 എൽ എസ് ജി ഡി നമ്പർ ഉത്തരവ് 14/02/2024-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സെസ്സ് പിരിവ് ഒടുക്കുന്നതിന് വിധേയമായി മാത്രമേ ഒക്യുപെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുള്ളൂവെന്ന് ടി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. **തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ് വെയറായ കെ-സ്മാർട്ടിൽ സെസ്സ് പിരിക്കുന്ന തിനാവശ്യമായ മോഡ്യൂൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ (IKM) കൈക്കൊണ്ടു വരുന്നു. സെസ്സ് കളക്ഷൻ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിലൂടെ സെസ്സ് കളക്ഷനിൽ വൻ വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ കുടിശ്ശികയടക്കമുള്ള**

| | | | |
|---|---|---|---|
| | | | **എല്ലാ ആനുകൂല്യങ്ങളും ഇതിലൂടെ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.**<br><br>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അധിവർഷാനുകൂല്യ അപേ ക്ഷകൾ 2017 വരെ തീർപ്പാക്കുന്നതിനാണ് ബോർഡിന് സാധിച്ചിട്ടുള്ളത്. ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ അധിവർഷാനുകൂല്യ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് സാധ്യമല്ല. സർക്കാർ ബജറ്റിൽ വകയിരുത്തി ബോർഡിന് ലഭ്യമാക്കുന്ന ധനസഹായം ഉപയോഗിച്ചും ബോർഡിന്റെ തനത് വരുമാനത്തിൽ നിന്നുമാണ് നിലവിൽ അധിവർഷാനുകൂല്യം വിതരണം ചെയ്തുവരുന്നത്. സർക്കാർ ഗ്രാന്റ് അനുവദിക്കുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.<br><br>മറ്റ് ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർഷങ്ങളായി മുടങ്ങിയിട്ടുള്ള സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.23/2024/LSGD    തീയതി,തിരുവനന്തപുരം, 14-02-2024

---

പരാമർശം:-
1. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച നിവേദനം.
2. ബഹു. മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ, ബഹു. തദ്ദേശ സ്വയംഭരണ/തൊഴിൽ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 15.01.2024-ൽ നടന്ന ഉന്നത തല യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കപ്പെടുന്നതിലേക്കായി, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പു മുഖേന പിരിച്ചു വന്നിരുന്ന സെസ് ഇനി മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) മേൽ വിഷയം പരാമർശം (2) പ്രകാരം നടന്ന ഉന്നത തല യോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് അനുമതി നൽകി കൊണ്ടും, ഇതിലേക്കായി ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവാകുന്നു.

I. സംസ്ഥാനത്തെമുഴുവൻ മുനിസിപ്പാലിറ്റികളിലും/കോർപ്പറേഷനുകളിലും 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് 16.01.2024 തീയതി മുതൽ നടപ്പിലാക്കേണ്ടതാണ്.

II. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 1996-ലെ ബിൽഡിംഗ് ആന്റ് അദർ

കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു 2024 ഏപ്രിൽ മുതൽ നടപ്പിലാക്കേണ്ടതാണ്.

III. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കേണ്ടതാണ്.

IV. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ സെസ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ തീരുമാനിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനെ ചുമതലപ്പെടുത്തുന്നു.

V. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് അടച്ചു എന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

3) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ് പ്രകാരം സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. തൊഴിലും നൈപുണ്യവും വകുപ്പ്.
7. തദ്ദേശ സ്വയംഭരണ (ആർ.എ)/(ആർ.ബി)/(ആർ.ഡി)/(ഇ.ജി) വകുപ്പ്.
8. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
10. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/10/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു. തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.